## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# മൂന്നാറിന്റെ വിധി എന്താകും?

അനധികൃത റിസോർട്ടുകൾ പൊളിച്ചുനീക്കി ഏറ്റെടുത്ത ഭൂമികൾ തിരിച്ചുനൽകണമെന്ന ഹൈക്കോടതി വിധി ശരിക്കും ഞെട്ടിക്കുന്നതാണ്. മൂന്നാർ ഓപ്പറേഷന്റെ പിഴവുകളിലെ ഒന്നുകൂടി എന്നാണോ ഇതിനെയും വിലയിരുത്തേണ്ടത്? എന്തായാലും മൂന്നാറിൽ മാത്രമല്ല അതീവ പരിസ്ഥിതിലോല പ്രദേശമായ ഏലമലക്കാടുകളിലടക്കം കയ്യേറ്റങ്ങൾ ഇന്ന് വ്യാപകമാണ്. ഇപ്പോൾ വന്ന വിധിയിൽ 1935ലെ ഏലപ്പാട്ട നിയമം കാലഹരണപ്പെട്ടെന്നാണ് കോടതി ചൂണ്ടിക്കാണിച്ചത്. ഏലപ്പാട്ട നിയമത്തിന്റെ പിൻബലത്താൽ സർക്കാർ സ്വീകരിച്ച ഒഴിപ്പിക്കൽ നടപടിയാണ് കോടതി റദ്ദാക്കിയത്. ഇതോടെ ഏലമലക്കാടുകൾ കയ്യേറിയവർക്ക് ഒരു ന്യായീകരണം ലഭിച്ചിരിക്കുന്നു. നിയമലംഘനത്തിന്റെ പേരിലുള്ള ഒഴിപ്പിക്കൽ നടപടികളെ പ്രതിരോധിക്കാൻ അവർക്ക് ഒരു ആയുധം കിട്ടിയിരിക്കുന്നു. ഏലം കൃഷിക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല എന്ന നിഷ്കർഷിക്കുന്ന സ്ഥലത്ത് വൻകിട റിസോർട്ടുകൾ പോലുമുണ്ട്. മൂന്നാർ സർവ്വ പരിധിയും വിട്ട് വളരുകയാണ്. പരിസ്ഥിതി പുനഃസ്ഥാപനത്തിനായി ഏറെ നാളുകളായി ഇടുക്കിയിൽ നടക്കുന്ന ശ്രമങ്ങളെ ഈ വിധി ഉറപ്പായും ബാധിക്കും.

**സി.എം. ഹമീദ്**, അടിമാലി

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

## മതാതീത പ്രാർത്ഥന

പ്രാർത്ഥനയെന്നു കേൾക്കുമ്പോൾ മതപരമായതാണെന്ന് പെട്ടെന്ന് തോന്നാനിടയുണ്ട്. അത് പൂർണമായും ശരിയല്ല, പലപല പ്രാർത്ഥനകൾ നമുക്ക് സുപരിചിതമാണ്. പ്രാർത്ഥനയെന്നു കേൾക്കുമ്പോൾ അധികംപേർക്കും ഭക്തിഭാവം ഉണരുമെങ്കിൽ, മറ്റു ചിലർക്ക് താത്പര്യമില്ലായ്മയും കാണും. അതിനാലാണ് പൊതുവേദികളിൽ ഒരു മദ്ധ്യമമാർഗ്ഗമെന്ന നിലയിൽ മൗനപ്രാർത്ഥനയുടെ രംഗപ്രവേശനമെന്ന് ഊഹിക്കാം. അപ്പോൾ ഭക്തനും, മുക്തനും, വിഭക്തനും അവനവന്റെ മനോധർമ്മം പോലെ പ്രാർത്ഥനയെ സമീപിക്കാം. ലോകോത്തരമായ മതാതീതമായ അരഡസൻ പ്രാർത്ഥനകളെങ്കിലും ഭാരതത്തിനുണ്ട്, അത് വഴിപോലെ പരിചയപ്പെടാം. ജീസ്സസ് ക്രൈസ്റ്റ് ഒരേയൊരു പ്രാർത്ഥനയേ പഠിപ്പിച്ചിട്ടുള്ളൂ. പള്ളി ധാരാളം പ്രാർത്ഥനകൾ അതിന്റെ കൂടെകൂട്ടിച്ചേർത്തതാണ്. അപേക്ഷകളും സ്തുതികളും കാര്യസാധ്യവിചാരങ്ങളും ഒക്കെയായി മിക്കവാറും പ്രാർത്ഥനകൾ ചുരുങ്ങി. ഏതെങ്കിലും ഗോത്രങ്ങൾക്കോ, ജനവിഭാഗങ്ങൾക്കോ, മതങ്ങൾക്കോ വേണ്ടിയല്ല സമസ്ത മനുഷ്യരാശിക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ് യേശു പഠിപ്പിച്ചത്. ലോകപ്രസിദ്ധമായ, മതാതീതമായ ആ പ്രാർത്ഥനയിലൂടെ ശാന്തമായി നമുക്ക് കടന്നുപോകാം.

ചക്രവാളങ്ങളിലും അനന്തതയിലും നിറഞ്ഞ്
മനുഷ്യരാശിയെ കാക്കുന്ന മഹാപ്രഭോ
അങ്ങയുടെ സാമീപ്യം
പ്രകൃതിയുടെ നൂറുനൂറു ഭാവങ്ങളാൽ
വാഴ്ത്തപ്പെടട്ടെ

അവിടുത്തെ ശാന്തിയുടെ പറുദീസപോലെ
ഇവിടെയും ഭവിക്കണേ
അങ്ങയുടെ തിരുമനസ്സിൽ ഈ ഭൂമിയെ
സ്വർഗ്ഗത്തെപ്പോലെയാക്കിമാറ്റാൻ
കരുണയുണ്ടാകണമെ

ഏവരെയും അന്നംമുട്ടാതെ
കാത്തുരക്ഷിക്കണമെ
തെറ്റുകുറ്റങ്ങളിൽ നിന്ന് വിടുതൽ തന്ന്
ഞങ്ങളോട് പൊറുക്കണമെ
അയൽക്കാരോട് സഹവർത്തികളാകാൻ
ഞങ്ങളിൽ സൽബുദ്ധി പ്രകാശിപ്പിക്കേണമേ

ആസക്തികളിലും പ്രലോഭനങ്ങളിലും
വീണുപോകാതെ
നിത്യം കാത്തുകൊള്ളണമെ
ചഞ്ചലചിത്തരായ മനുഷ്യരിൽ
പ്രഭോ നിന്റെ കരുതലും
മഹത്വവും നിറയ്ക്കണേ.

ആമേൻ. മത്തായി 6-9